**GAZETTE DATE :06/08/2025**
**LAST DATE :10/09/2025**

# SPECIAL RECRUITMENT – STATE WIDE
# CATEGORY NO : 265/2025

Applications are invited from qualified **Scheduled Caste /Scheduled Tribe** candidates of Kerala State for selection to the following post in the Kerala Government Service. Applications must be submitted online through the official website of the Kerala Public Service Commission after One Time Registration. Candidates who have already registered can apply through their profile.

1. **Name of Department** : **Kerala Police Service**
2. **Name of post** : **Deputy Superintendent of Police (Trainee)**
   (Special Recruitment for Scheduled Caste /Scheduled Tribe & Scheduled Tribe only)
3. **Scale of pay** : **₹ 63,700 - 1,23,700/-**
4. **No. of Vacancy** : **SC/ST-1**
   **ST Only-1**

**Note:** The above Vacancies are now in existence. The Ranked list of selected candidates published by the Commission shall remain in force for a minimum period of one year. Advice for appointment will be made from the Ranked list published in pursuance of this notification for the above vacancies and also for more vacancies for the post reported further for Special Recruitment for Scheduled Caste/Scheduled Tribe during the pendency of the Rank list. Vacancies of the above post reported exclusively for Scheduled Tribes will also be advised from this list, if no separate ranked list is available or a separate selection is under way exclusively for Scheduled Tribe for filling up of such vacancies. Only in the absence of Scheduled Tribes candidates in the said Ranked list a fresh notification exclusively for 'Scheduled Tribes' will be issued for such vacancies.

5. **Method of Appointment** : Direct Recruitment (Special Recruitment for Scheduled Caste /Scheduled Tribe and Scheduled Tribes only).

**Note 1:-** Differently Abled candidates are not eligible to apply for the post.

**Note 2:-** Applications received from candidates other than Scheduled Caste /Scheduled Tribe candidates will be rejected. Individual communications regarding the rejection of their applications for the above reason will not be issued.

6. **Age** : 20-36
   Only Candidates born between 02.01.1989 and 01.01.2005 (both dates included) are eligible to apply for this post.

**Note:-** The relaxation of age limit envisaged in the sub rule (c) rule 10 of the General Rules in Part II of the KS & SSR, 1958 shall not be applicable to the post.

7. **Qualifications:**

**a. Educational Qualification:**

Degree in any discipline from a UGC recognized University or National Institute established by the Government of India or Institution established by the Government of Kerala or its equivalent qualification.

**Note:-** 1 Rule 10(a)(ii) of part II of KS&SSR is applicable.

2 In addition to the qualifications prescribed in the notification, the qualifications recognized by Executive Orders or Standing Orders of Government as equivalent to a qualification specified for the post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders recognizing equivalent / higher qualifications shall be produced as and when required by the Commission.

**b. Physical Qualification:**

Must be physically fit. Candidates should possess the following minimum physical standards.

(a) (i) For male candidates

Height : Must be not less than 160 cm.

Chest : 81 cm with a minimum expansion of 5 cm

(ii) For female candidates

Height : Must be not less than 155 cm.

(b) Must be certified by a Medical Officer of the Rank of District Medical Officer of the Health Services Department as to his physique and fitness and capacity for outdoor works and as to the visual standards specified below without glasses.

(i)

| Vision | Right Eye | Left Eye |
|---|---|---|
| 1) Distant Vision | 6/6 Snellen | 6/6 Snellen |
| 2) Near Vision | 0.5 Snellen | 0.5 Snellen |

(ii) Each eye must have a full field of vision.

(iii) Colour blindness, Squint or any morbid condition of eyes or lids of either eye shall be deemed to be a disqualification.

(c) Candidates must be free from apparent physical defects like knock-knee, flat feet, varicose veins, bow legs, deformed limbs, defective speech and hearing etc.

(d) Candidates should produce a Medical Certificate in original at the time of certificate verification in the form prescribed here under certifying to their physical fitness and eye sight without glasses obtained from a Medical Officer not below the rank of Civil Surgeon.

## FORM OF MEDICAL CERTIFICATE

*(To be obtained from Medical Officer not below the rank of a Civil Surgeon)*

I have this day, medically examined Shri.......................................................(Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from apparent physical defects like Knock-Knee, Flat feet, Varicose veins, Bow legs, Deformed Limbs, Irregular and Protruding teeth, Defective speech and hearing. His age, according to his own statement is …................... and by appearance is …......................... and his standards of vision are as follows.

| STANDARDS OF VISION<br>(Eye sight without glasses) | | |
|---|---|---|
| | **Right Eye** | **Left Eye** |
| 1. Distant Vision | …................. Snellen | …................. Snellen |
| 2. Near Vision | …................... Snellen | …................. Snellen |
| 3. Field of Vision(both eye to be mentioned) | …................... | …................. |
| *(Specify whether full or not. Entry 'normal' 'good' etc., will be inappropriate here.)* | | |
| 4. Color Blindness | | |
| 5. Squint | | |
| 6. Any morbid conditions of the eye or lid of either eye | | |
| **II. IDENTIFICATION MARKS** | | |
| 1. ………………………………….......................................………………… | | |
| 2. ……………………………………….......................................…………… | | |

He is physically fit for the post of Deputy Superintendent of Police (Trainee) in Kerala Police Service.

I certify to the best of my knowledge and belief that the applicant, Sri…................................... is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

| Photo of the candidate |
|---|

Signature
Name and Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date :

*(Office seal)*

Note:- Details regarding standards of vision should be clearly stated in the Certificate, as given above. Vague statements such as vision normal, Average etc. will not be accepted. Specification for each eye should be stated separately against each item. If the specifications are not as indicated above, the officer issuing the certificate should notify whether the candidate has got better standards of vision or worse standards of vision, as the case may be, otherwise the Certificate will not be accepted.

8. **Physical Efficiency Test:**

In addition to the qualification prescribed above, every candidate will be subjected to a Physical Efficiency Test and must qualify in atleast five out of the following eight events for One Star Standard Tests which is the minimum requirements for the recruitment. The Physical Measurement of the candidates will be taken at the time of Physical Efficiency Test and those who do not possess the prescribed Physical Measurements will not be admitted for the Physical Efficiency Test.

**MALE**

| Sl No. | Events | Minimum Standard of Efficiency |
|---|---|---|
| 1 | 100 meters run | 14 seconds |
| 2 | High Jump | 132.20 cm |
| 3 | Long Jump | 457.20 cm |
| 4 | Putting the shot (7264) gms | 609.60 cm |
| 5 | Throwing the Cricket Ball | 6096 cms |
| 6 | Rope Climbing (only with hands) | 365.80 cm |
| 7 | Pull ups or chinning | 8 times |
| 8 | 1500 meters run | 5 minutes & 44 seconds |

**FEMALE**

| Sl No. | Events | Minimum Standard of Efficiency |
|---|---|---|
| 1 | 100 meters run | 17 Seconds |
| 2 | High Jump | 106 cm |
| 3 | Long Jump | 305 cm |
| 4 | Putting the shot (weight 4Kg) | 488 cm |
| 5 | 200 meters run | 36 seconds |
| 6 | Throwing the throw ball | 14 m |
| 7 | Shuttle race (25mx4) | 26 seconds |
| 8 | Skipping (One minute) | 80 times |

Note :- If accidents or injuries happen to a candidate while participating in the Physical Efficiency Test, he will not be given further chance to participate in the Test.

9. **Training:** The direct recruits to the category of Deputy Superintendent of Police shall be initially appointed as Deputy Superintendent of Police (Trainee) and admitted for pre-service training. Only on successful completion of basic training of 1 year and practical training of 1 year or as decided by the Government, they will be appointed as Deputy Superintendent of Police. They shall be paid a stipend at the rate of minimum of the scale of pay of the post of Deputy Superintendent of Police during the training period. The Government will pass appropriate orders on how to reckon the period of training of

those who have successfully completed the training for various service benefits from time to time. Every person appointed by direct recruitment to the post of Deputy Superintendent of Police shall pass all the tests in the training syllabus for successful completion of the training. The training syllabus shall be decided by the Government or State Police Chief with approval from Government.

10. **Bond:** Those who get selected for appointment as Deputy Superintendent of Police by direct recruitment, shall execute a bond to the effect that they will serve Kerala Police for a continuous period of 5 years after completion of training, failing which they will have to remit an amount of Rs.1,00,000/- (Rupees One Lakh Only) or as decided by the Government from time to time.
11. **Probation:** Every person appointed under these rule shall from the date on which the person joins duty after training, be on probation for a total period of two years on duty within a continuous period of three years.
12. **Appointing Authority:** The appointing authority shall be the Government.
13. **Mode of Submitting application:**

    Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must refrain from creating multiple profiles, non compliance of which shall lead to forfeiture of their candidature. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph uploaded. **Candidates who create new profile should upload their photograph taken within six months.** The uploaded photograph having all the required specifications shall be valid for 10 years from the date of taking of photographs. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of personal information and the secrecy of password. Prior to the final submission of the application on the profile, candidates must ensure correctness of the information incorporated in their profile. They must quote the User-ID for further communication with the Commission. Application submitted is provisionally accepted and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for.
14. **Those who have Aadhaar Card should add Aadhaar card as ID proof in their profile.**
15. **Last Date for receipt of applications :** **10.09.2025 Wednesday** upto 12 Midnight.
16. **Address to which Applications are sent:** www.keralapsc.gov.in

17. The Conditions laid down in Paragraphs two, three and twenty five (except the conditions laid down in the Rule 3 (c) of Part II of the Kerala State and Subordinate Service Rules) of General conditions are not applicable to this selection.

18. Appointments are made on the basis of the rank secured in the ranked list of candidates prepared in pursuance of this notification subject to the conditions laid down in G.O (MS) No.142/72/PD dated 13.04.1972, G.O (MS) No.309/73/PD dated 29.11.1973, G.O.(P) No. 21/76/PD dated, 17.01.1976 and G.O.(P) No.25/94/GAD dated, 22.01.1994 allowing special reservations to Scheduled Caste/Scheduled Tribes in accordance with the procedures made for this purpose from time to time and subject to the rules under sections 3(c), 17 A, 17 B of Part II of Kerala State and Subordinate Service Rules, 1958.

19. If a written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile . Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The period regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

20. **Special Instructions to Candidates.**

1) In the case of difference in Caste / Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Community Certificate at the time of certificate verification.

2) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

3) Appropriate disclipinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disclipinary action against them if they have already been appointed, or any one or more of the above.

(For details including photo and ID card etc. refer to the General Conditions at the end of the notification).

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

**<u>സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം</u>**
**<u>കാറ്റഗറി നമ്പർ : 265/2025</u>**

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി കേരള സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ് സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

1. **വകുപ്പ്** : **കേരള പോലീസ് സർവ്വീസ്**
2. **ഉദ്യോഗപ്പേര്** : **ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (ട്രെയിനി)**
   (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗം മാത്രം)
3. **ശമ്പള നിരക്ക്** : **₹ 63,700 - 1,23,700/-**
4. **ഒഴിവുകളുടെ എണ്ണം** : **പട്ടികജാതി/പട്ടികവർഗ്ഗം– 1**
   **പട്ടികവർഗ്ഗം – 1**

**<u>കുറിപ്പ്:-</u>** മുകളിൽ പറഞ്ഞിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായി അറിയിക്കുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്. പട്ടികവർഗ്ഗവിഭാഗക്കാർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി അറിയിക്കുന്ന ഈ തസ്തികയുടെ ഒഴിവുകൾ നികത്തുന്നതിനായി പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക വിജ്ഞാപനം / റാങ്ക് പട്ടിക നിലവിലില്ലായെങ്കിൽ പ്രസ്തുത ഒഴിവുകളിലേക്കും ഈ വിജ്ഞാപന പ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി മാത്രം അറിയിക്കുന്ന ഒഴിവുകൾക്കായി പട്ടികവർഗ്ഗക്കാർക്കു മാത്രമുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം
   (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗം മാത്രം)

**<u>കുറിപ്പ് 1 :-</u>** ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**<u>കുറിപ്പ് 2 :-</u>** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

6. **പ്രായപരിധി** : 20-36
   ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2005 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**<u>കുറിപ്പ്:-</u>** 1958 ലെ KS & SSR ഭാഗം II ലെ റൂൾ 10, സബ് റൂൾ (C) ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രായ പരിധിയിലെ ഇളവ് ഈ തസ്തികയ്ക്ക് ബാധകമല്ല.

7. **യോഗ്യതകൾ:**

   **a) വിദ്യാഭ്യാസ യോഗ്യത:**

   കേരള സർക്കാർ സ്ഥാപിത ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ യു.ജി.സി അംഗീകൃത സർവ്വകലാശാലകൾ അല്ലെങ്കിൽ കേന്ദ്രസർക്കാർ സ്ഥാപിത നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിട്ടുള്ള ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:-** 1) KS&SSR part II ലെ Rule 10(a)(ii) ലെ വ്യവസ്ഥ ബാധകമാണ്.

2) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**b) ശാരീരിക യോഗ്യതകൾ:**

ശാരീരികമായി പൂർണ്ണ യോഗ്യരായിരിക്കണം. ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് ചുവടെ ചേർത്തിരിക്കുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

(a) (i) <u>പുരുഷ ഉദ്യോഗാർത്ഥികൾ</u>

ഉയരം : കുറഞ്ഞത് 160 സെ. മീ

നെഞ്ചളവ് : കുറഞ്ഞത് 81 സെ. മീ ഉം 5 സെ. മീ വികാസവും ഉണ്ടായിരിക്കണം.

(ii) <u>വനിതാ ഉദ്യോഗാർത്ഥികൾ</u>

ഉയരം : കുറഞ്ഞത് 155 സെ. മീ

(b) ശാരീരിക ക്ഷമതാ, ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി എന്നിവ സംബന്ധിച്ചും താഴെ പറയുന്ന വിധത്തിൽ കാഴ്ച ശക്തി ഉള്ളതായും ആരോഗ്യ വകുപ്പിലെ ജില്ലാ മെഡിക്കൽ ഓഫീസർ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

| **കാഴ്ച** | **വലതുകണ്ണ്** | **ഇടതുകണ്ണ്** |
|---|---|---|
| 1) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| 2) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(ii) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി (Field of Vision) ഉണ്ടായിരിക്കണം.

(iii) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയാണ്.

(c) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, , കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുവാൻ പാടില്ല.

(d) ഉദ്യോഗാർത്ഥികൾ പ്രമാണ പരിശോധനാ സമയത്ത് ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലെ സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

## <u>FORM OF MEDICAL CERTIFICATE</u>

*(To be obtained from Medical Officer not below the rank of a Civil Surgeon)*

I have this day, medically examined Shri ....................................................................................... (Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from apparent physical defects like Knock-Knee, Flat feet, Varicose veins, Bow legs, Deformed Limbs, Irregular and Protruding teeth, Defective speech and hearing. His age, according to his own statement is …................... and by appearance is …......................... and his standards of vision are as follows.

| **STANDARDS OF VISION**<br>(Eye sight without glasses) | | |
|---|---|---|
| | **Right Eye** | **Left Eye** |
| 1. Distant Vision | …...................... Snellen | …...................... Snellen |
| 2. Near Vision | …...................... Snellen | …...................... Snellen |
| 3. Field of Vision (both eye to be mentioned) | …...................... | …...................... |

| |
|---|
| (Specify whether full or not. Entry 'normal' 'good' etc., will be inappropriate here.) |
| 4. Color Blindness |
| 5. Squint |
| 6. Any morbid conditions of the eye or lid of either eye |
| **II. IDENTIFICATION MARKS** |
| 1. …………………………………......................................………………… |
| 2. ……………………………………….......................................…………… |

He is physically fit for the post of Deputy Superintendent of Police (Trainee) in Kerala Police Service.

I certify to the best of my knowledge and belief that the applicant, Sri…...........................................is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

Photo of the candidate

Signature
Name and Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date :

*(Office seal)*

**കുറിപ്പ് :** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് തുടങ്ങിയ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിആണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. കായികക്ഷമതാ പരീക്ഷ**

മുകളിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾക്കു പുറമേ ഉദ്യോഗാർത്ഥികളെ കായിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയായ താഴെപ്പറയുന്ന വൺസ്റ്റാർ സ്റ്റാന്റേർഡിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായിക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

| **പുരുഷ ഉദ്യോഗാർത്ഥികൾ** | | |
|---|---|---|
| **ക്രമ നമ്പർ** | **ഇനങ്ങൾ** | **യോഗ്യത** |
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 സെ.മീറ്റർ |
| 3 | ലോംഗ്ജമ്പ് | 457.20 സെ.മീറ്റർ |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീറ്റർ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീറ്റർ |
| 6 | റോപ്പ് ക്ലൈംബിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീറ്റർ |
| 7 | പുള്ളപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ടും 44 സെക്കന്റും |

| വനിതാ ഉദ്യോഗാർത്ഥികൾ | | |
|---|---|---|
| **ക്രമ നമ്പർ** | **ഇനങ്ങൾ** | **യോഗ്യത** |
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 106 സെ.മീറ്റർ |
| 3 | ലോംഗ്ജമ്പ് | 305 സെ.മീറ്റർ |
| 4 | പുട്ടിംഗ് ദി ഷോട്ട് (4 Kg) | 488 സെ.മീറ്റർ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ്സ് |
| 6 | ത്രോയിംഗ് ദി ത്രോ ബാൾ | 14 മി |
| 7 | ഷട്ടിൽ റെയ്സ് (25mx4) | 26 സെക്കന്റ്സ് |
| 8 | സ്കിപ്പിംഗ് (1 മിനിറ്റ്) | 80 പ്രാവശ്യം |

**കുറിപ്പ് :-** കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**9. പരിശീലനം :**

ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് വിഭാഗത്തിലേക്ക് നേരിട്ട് നിയമിക്കപ്പെടുന്നവരെ ആദ്യം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (ട്രെയിനി) ആയി നിയമിക്കുകയും പ്രീ-സർവീസ് പരിശീലനത്തിന് പ്രവേശിപ്പിക്കുകയും ചെയ്യും. ഒരു വർഷത്തെ അടിസ്ഥാന പരിശീലനവും ഒരു വർഷത്തെ പ്രായോഗിക പരിശീലനവും വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്കോ അല്ലെങ്കിൽ സർക്കാർ തീരുമാനിക്കുന്നത് പോലെയോ മാത്രമേ അവരെ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ആയി നിയമിക്കുകയുള്ളൂ. പരിശീലന കാലയളവിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയുടെ ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിൽ അവർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതായിരിക്കും. വിവിധ സേവന ആനുകൂല്യങ്ങൾക്കായി പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരുടെ പരിശീലന കാലയളവ് എങ്ങനെ കണക്കാക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കും. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേക്ക് നേരിട്ട് നിയമിക്കപ്പെടുന്ന ഓരോ വ്യക്തിയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള പരിശീലന സിലബസിലെ എല്ലാ പരീക്ഷകളിലും വിജയിക്കണം. സർക്കാരിന്റെ അംഗീകാരത്തോടെ സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ ആണ് പരിശീലന സിലബസ് തീരുമാനിക്കുന്നത്.

**10. ബോണ്ട്:** നേരിട്ടുള്ള നിയമനം വഴി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ആയി നിയമിക്കപ്പെടുന്നവർ, പരിശീലനം പൂർത്തിയാക്കിയതിന് ശേഷം 5 വർഷം തുടർച്ചയായി കേരള പോലീസിൽ സേവനമനുഷ്ഠിക്കുമെന്ന് ഒരു ബോണ്ട് ഒപ്പിടേണ്ടതാണ്. അല്ലാത്തപക്ഷം 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന തുക അടയ്ക്കേണ്ടിവരും.

**11. പ്രൊബേഷൻ :**

ഈ തസ്തികയിൽ തെരഞ്ഞെടുക്കപ്പെടുന്നവർ പ്രായോഗിക പരിശീലനം പൂർത്തിയാക്കി നിയമനം ലഭിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

**12. അപ്പോയിന്റിംഗ് അതോറിറ്റി:** നിയമന അധികാരി സർക്കാരായിരിക്കും.

**13. അപേക്ഷ സമർപ്പിക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഒന്നിലധികം പ്രൊഫൈലുകൾ സൃഷ്ടിക്കുന്നത് കുറ്റകരവും ആയത് അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതിന് കാരണമായതുമാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത അവരുടെ ഫോട്ടോഗ്രാഫ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.** നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy / print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**14. ആധാർ കാർഡ് ഉള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**15. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 10.09.2025 ബുധനാഴ്ച** അർദ്ധരാത്രി 12 മണി വരെ

**16. അപേക്ഷ സമർപ്പിക്കേണ്ടതായ മേൽവിലാസം :** www.keralapsc.gov.in

**17.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**18.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972-ലെ ജി.ഒ.(എം. എസ്) നമ്പർ. 142/72/പി.ഡി, 29.11.1973- ലെ ജി.ഒ.(എം. എസ്) നമ്പർ. 309/73/പി.ഡി, 17.01.1976 -ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 -ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 - ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17 എ, 17 ബി എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**19.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലും നൽകുന്നതാണ്.

**20. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ** :

1) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

2) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

3) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ